**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.127** **06.03.2017-ൽ മറുപടിയ്ക്ക്**

# പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.സി.കെ.ശശീന്ദ്രൻ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.പി.കെ.ശശി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | എ) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയും എൻ.ജി.ഒകൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കളുടെ വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും നടത്തുന്നതിന് ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിഷരഹിതമായി ഉല്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. വി.എഫ്.പി.സി.കെ മുഖേന പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും |

പ്രചരിപ്പിക്കുകയും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു, നാടൻ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്തുവരുന്നു. പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷൂറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുകയും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുകയും ചെയ്യുന്നു. വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്നതിനായി 2% പലിശ സബ്സിഡി അനുവദിക്കുന്നു. പച്ചക്കറി കൃഷിയിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും, സാങ്കേതികവിദ്യാ വികസനവും വ്യാപനവും നടപ്പിലാക്കുന്നു

ബി) ഉല്പാദന വർദ്ധനവിനും വിപണനത്തിനും ഹോർട്ടികോർപ്പിന്റെ ഇടപെടൽ ഏതൊക്കെ തരത്തിലാണെന്ന് അറിയിക്കാമോ; പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ശ്രമമുണ്ടാകുമോ;

ബി) കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വിഎഫ്പിസികെ, സംഘമൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് കമ്പോളവിലയെക്കാൾ ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ നവംബർ മാസത്തിൽ വയനാട് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു മലപ്പുറം ജില്ലയിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നേടിയെടുക്കാൻ സാധിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സി) തിരുവനന്തപുരത്തുള്ള സെന്റർ ഫോർ മനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി), ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ആന്റ് എകണോമിക് ചെയ്ഞ്ച് (ഐ.എസ്.ഇ.സി) എന്നീ സ്ഥാപനങ്ങൾ മുഖേനയും കൂടാതെ, വർഷാവർഷം അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഇന്റേണൽ ആഡിറ്റ്, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പെർഫോർമൻസ് ആഡിറ്റ്, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ധനകാര്യ വിഭാഗത്തിന്റെ സ്പെഷ്യൽ ആഡിറ്റ് എന്നിവ വഴിയും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ഇത് കൂടാതെ എല്ലാ മാസവും കൃഷി വകുപ്പ് മന്ത്രി മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ഹോർട്ടിക്കൾച്ചർ മേഖലയിലെ ഗവേഷണം, സാങ്കേതിക വിദ്യ പ്രോത്സാഹനം,

വിജ്ഞാന വ്യാപനം, സംസ്കരണം, ഉത്പാദനവും അവയുടെ മൂല്യവും വർദ്ധിപ്പിക്കുക, വിപണനം എന്നിവയിലൂന്നി ഈ രംഗത്തുള്ള സമഗ്രവും സംയോജിതവുമായ വികസനമാണ് മിഷൻ ലക്ഷ്യമിടുന്നത്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്), ദേശീയ ഔഷധസസ്യമിഷൻ (എൻ.എം.എം.പി), പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന( പി.എം.കെ.എസ്.വൈ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

s. [signature]

**സെക്ഷൻ ഓഫീസർ**